## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 798 — 25.01.2018-ൽ മറുപടിയ്ക്ക്

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ചികിത്സ ധനസഹായം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിൽ എത്ര പേർക്ക് ചികിത്സ സഹായം നൽകി; ചികിത്സ സഹായ ഇനത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും ആകെ നൽകിയ തുക എത്ര; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽ 796 ഗുണഭോക്താക്കൾക്കും 2017-18 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽ 550 ഗുണഭോക്താക്കൾക്കും ചികിത്സ സഹായം നൽകിയിട്ടുണ്ട്. ചികിത്സ സഹായ ഇനത്തിൽ 2016-17 സാമ്പത്തിക വർഷം മണ്ഡലത്തിൽ ആകെ നൽകിയ തുക 1,22,97,500/-രൂപ, 2017-18 സാമ്പത്തിക വർഷം ഇതുവരെ ആകെ നൽകിയ തുക 94,91,000/-രൂപ |
| (ബി) | പട്ടികജാതി വിഭാഗത്തിന് ചികിത്സ ധനസഹായമായി പരമാവധി എത്ര തുക വരെ അനുവദിക്കാൻ കഴിയും; | (ബി) | പട്ടികജാതി വിഭാഗത്തിന് ചികിത്സ ധനസഹായമായി പരമാവധി 50,000/- രൂപ വരെയും, മാരക രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്നവർക്ക് ആശുപത്രി മുഖേന ഒരു ലക്ഷം രൂപ വരെയും അനുവദിക്കുന്നു. |
| (സി) | 2016-17, 2017-18 കാലയളവിൽ ഈ ഇനത്തിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് കൂടുതൽ തുക നൽകിയിട്ടുണ്ട് എന്നറിയിക്കാമോ? | (സി) | 2016-17, 2017-18 കാലയളവിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 6 ഗുണഭോക്താക്കൾക്ക് കൂടുതൽ തുക നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ